പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5662 | 29.03.2018 ൽ മറുപടിക്ക്

## കണ്ണമംഗലം പി.എച്ച്.സി - ക്ക് പുതിയ കെട്ടിടം

| ചോദ്യം<br>ശ്രീ.കെ.എൻ.എ ഖാദർ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കണ്ണമംഗലം പി.എച്ച്.സി-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ), (ബി) & (സി) | ബഹു.മുൻ എം.എൽ.എ. പി.കെ.കുഞ്ഞാലിക്കുട്ടിയുടെ 2015-16 സാമ്പത്തിക വർഷത്തെ എൽ.എ.സി - എ.ഡി.എസ് പദ്ധതിയിലൂടെ കണ്ണമംഗലം പി.എച്ച്.സി-ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിച്ചു നൽകുന്നതിന് പ്രപ്പോസൽ ലഭിച്ചിരുന്നു. എന്നാൽ നിലവിലുള്ള സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരം 31.03.2016 ന് മുമ്പായി ജനപ്രതിനിധികൾ ശുപാർശ ചെയ്യുന്ന പ്രവൃത്തികൾ നിലവിലെ വ്യവസ്ഥകൾ പ്രകാരം അനുവദനീയമാണെങ്കിൽ 2015-16 സ്പിൽ ഓവർ പ്രവൃത്തികളായി പരിഗണിച്ച് 2016-17 ൽ ധനാനുമതിയും ഭരണാനുമതിയും നൽകുവാൻ സാധിക്കുകയുള്ളൂ. ആയതിനാൽ മലപ്പുറം ജില്ലാ കണ്ണമംഗലം പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി നിലവിലെ വ്യവസ്ഥകൾ പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ അനുവദനീയമല്ല. ടി പ്രവൃത്തി നടപ്പിലാക്കുന്നതിന് revised estimate/current SOR പ്രകാരം നിലവിലെ 2017-2018 ലെ നിയമസഭാ സാമാജികരുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് തുക ചെലവഴിച്ച് നടപ്പിലാക്കാവുന്നതാണെന്നും അത്തരം പ്രവൃത്തികളുടെ തുടർ നടപടികൾ 14 ജില്ലാ കളക്ടർമാർക്കും നൽകികൊണ്ട് 04.07.2017 ലെ സ.ഉ. (സാധാ.)നം.86/2017/ധന പ്രകാരം ഉത്തരവായ സാഹചര്യത്തിൽ ടി പ്രവൃത്തികൾ 2017-18 ആസ്തി വികസന ഫണ്ടിൽ നിന്നും തുക ചെലവഴിച്ച് കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിനു വേണ്ടി മലപ്പുറം ജില്ലാ കളക്ടറെ സമീപിക്കേണ്ടതാണെന്നും ഇതനുസരിച്ച് നടപടി സ്വീകരിക്കുവാനും ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലം സൗജന്യമായി ലഭ്യമായിട്ടും അത് പ്രയോജനപ്പെടുത്തുവാൻ നാളിതുവരെ നടപടികൾ സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; | | |
| (സി) | പ്രസ്തുത പി.എച്ച്.സി - ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ